ISC Excel Sheet launched

# ഐഎസ്‌സി എക്‌സൽ ഷീറ്റ് വിപണിയിൽ

കൊച്ചി ● രുചി ഗ്രൂപ്പിന്റെയും ജപ്പാനിലെ മിത്സുയി കമ്പനിയുടെയും സംയുക്ത സംരംഭമായ ഇന്ത്യൻ സ്റ്റീൽ കോർപറേഷൻ (ഐഎസ്‌സി) അൾട്രാ ഷൈൻ എക്സൽ ഷീറ്റ് കേരള വിപണിയിൽ അവതരിപ്പിച്ചു.

കോൾഡ് റോൾഡ് സ്റ്റീൽ, ഗാൽവനൈസ്ഡ് സ്റ്റീൽ, കളർ കോട്ടഡ് ഷീറ്റ്, കോയിലുകൾ തുടങ്ങിയവ ഉൽപാദിപ്പിക്കുന്ന കമ്പനി രാജ്യത്താദ്യമായാണു നാലിഞ്ചു വീതിയിൽ കളർ കോട്ടിങ്ങോടു കൂടിയ അൾട്രാ കോട്ട് ഷീറ്റ് വിപണിയിലെത്തിക്കുന്നതെന്നു മാർക്കറ്റിങ് വൈസ് പ്രസിഡന്റ് ആർ.കെ. ലോധി പറഞ്ഞു. ചോർച്ച ഒഴിവാക്കാനും മണിക്കൂറിൽ 180 കിലോമീറ്റർവരെ വേഗമുള്ള കാറ്റിനെ ചെറുക്കാനും കഴിയുന്ന രീതിയിലാണു നിർമാണം. ഗുണമേന്മയ്ക്ക് ഊന്നൽ നൽകുന്ന കേരളത്തിൽ ഐഎസ്‌സിയുടെ ബ്രാൻഡ് ചെയ്ത ഷീറ്റുകൾക്ക് നല്ല പ്രിയമുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ഗുജറാത്തിലെ ഭീമാസറിൽ സ്ഥാപിച്ച കമ്പനി 25% വാർഷിക വളർച്ച നേടുന്നുണ്ട്. രാജ്യത്ത് വാഹനങ്ങളുടെയും ഗൃഹോപകരണങ്ങളുടെയും നിർമാണമേഖലയിൽ മികച്ച സാന്നിധ്യമുള്ള കമ്പനി 40 ലേറെ രാജ്യങ്ങളിലേക്കു കയറ്റുമതി നടത്തുന്നു.

അൾട്രാ ടഫ്, ടാഡ്ക, കൂൾ-മ ഖാൻ എന്നീ ബ്രാൻഡുകളിലും കമ്പനിയുടെ ഉൽപന്നങ്ങൾ ലഭ്യമാണ്.